സന്ദർശിച്ചതാണ്. ഈ റോഡിന്റെ പുനർനിർമ്മാണത്തിനായി എൽ.ബി.എസ്. ന്റെ റിപ്പോർട്ട് പ്രകാരമുള്ള പ്രവൃത്തികൾ അടിയന്തിരമായി ടെൻഡർ ചെയ്യിക്കണം. ഈ റോഡുകൾക്കുവേണ്ടി ഏറ്റെടുക്കേണ്ട ഭൂഭാഗം ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലൂടെ ഏറ്റെടുത്ത് ജനങ്ങൾക്ക് ഈ ദുരിതത്തിൽ നിന്ന് മോചനം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) : സർ, ഉള്ളൂർ-ആക്കുളം വഴിയുള്ള റോഡ് അഞ്ച് റീച്ചുകളായിട്ടാണ് പണി നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ മൂന്നും രണ്ടും റീച്ചുകളുടെ സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കി കഴിഞ്ഞു. ഭൂമി കൈമാറിയിട്ടില്ല. മൂന്നാം റീച്ചിന്റെ പണി പുരോഗമിച്ചുവരുന്നു. കാലാവസ്ഥ അനുകൂലമാണെങ്കിൽ ആഗസ്റ്റ് മാസം അവസാനത്തോടുകൂടി ഈ ഭാഗത്തിന്റെ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. നാലും അഞ്ചും റീച്ചിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടി പുരോഗതിയിലാണ്. വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ, ഇലക്ട്രിക് പോസ്റ്റുകൾ ചില റോഡ് സൈഡ് സ്ട്രക്ച്ചറുകൾ തുടങ്ങിയവ മാറ്റുന്നതിലുള്ള കാലതാമസം റോഡുപണിയുടെ പുരോഗതി തടസപ്പെടാൻ കാരണമായിട്ടുണ്ട്. അമ്പലമുക്ക്-പരുത്തിപ്പാറ റോഡ് അടിക്കടി തകരുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തി അടിഞ്ഞ് ബലപ്പെടുത്തുന്നതിനാവശ്യമായിട്ടുള്ള ഭാഗങ്ങളിൽ റോഡ് ഉയർത്തുന്നതിനായി 1 കോടി 65 ലക്ഷം രൂപയുടെ പദ്ധതി തലസ്ഥാന നഗരവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞു. മണ്ണന്തല-കേശവദാസപുരം റോഡിൽ ഇനി അവശേഷിക്കുന്ന ഭാഗത്തെ വാട്ടർ ലൈനുകളുടെ പണി 15-7-2005 മുതൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. അതുപോലെ വാഹനങ്ങൾ ഓടുന്ന ഭാഗത്തുണ്ടാകുന്ന കുഴികൾ അപ്പപ്പോൾ നികത്തി റോഡ് ഗതാഗത യോഗ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ ഭാഗത്തെ പണികൾ 15-9-2005-ന് മുമ്പ് തീർക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ച് മോണിറ്റർ ചെയ്ത് പണികൾ മുന്നോട്ടുകൊണ്ടുപോകാനാണ് തീരുമാനിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ റോഡുകൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകി കഴിയുന്നതും വേഗം റോഡ് സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുന്നു.

(6) പ്രൈവറ്റ് ബസ്സുകളുടെയും ടാങ്കർ ലോറികളുടെയും പണിമുടക്ക്

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, ഇന്നലെ അർദ്ധരാത്രി മുതൽ സംസ്ഥാനത്തെ സ്വകാര്യ വാഹനങ്ങൾ ബസ്സ്, ലോറി, ടാങ്കർ ലോറി മുതലായവ പണിമുടക്കിലാണ്. ഡീസൽ വിലയിലുള്ള വർദ്ധനവാണ് കാര്യം. ഈ മന്ത്രിസഭയിലെ ഏറ്റവും ജനകീയ മുഖമുള്ള ഒരു മന്ത്രിയാണ് ശ്രീ. ശക്തൻ. അദ്ദേഹം ഈ ജനകീയ പ്രശ്നത്തെ കണ്ടില്ലെന്ന് നടിക്കില്ല എന്നാണ് ഞാൻ വിചാരിക്കുന്നത്. വാഹന പണിമുടക്കുമൂലം പച്ചക്കറി, പലവ്യഞ്ജനം തുടങ്ങി ഉപ്പുതൊട്ട് കർപ്പൂരം വരെയുള്ള സാധനങ്ങൾ കേരളത്തിലേക്ക് ലോറികളിൽ വന്നില്ലെങ്കിൽ ബുദ്ധിമുട്ടുണ്ടാകുന്നത് ചാല കമ്പോളത്തിലായാലും, ചാമക്കട കമ്പോളത്തിലായാലും,

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ കമ്പോളത്തിലായാലും എവിടെയായാലും സാധനങ്ങൾ പുറത്തുനിന്ന് വരണം. വടക്കൻ മലബാർ മേഖലയിലെ ആളുകളുടെ യാത്ര മുഴുവൻ പ്രൈവറ്റ് ബസ്സിലാണ്. ടാങ്കർ ലോറി പണിമുടക്കിയാൽ പെട്രോളും, ഡീസലും കിട്ടാതെയാകും. എത്രയും പെട്ടെന്ന് ഈ സമരം ഒത്തുതീർപ്പാക്കേണ്ടത് അനിവാര്യമാണ്. ഡീസൽ വിലയിലുണ്ടായ വർദ്ധനവിനെചൊല്ലിയുള്ള അവരുടെ തർക്കം ഒത്തുതീർക്കുന്നതിന് ഗവൺമെന്റ് അടിയന്തിരമായി ഇടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഗതാഗത വകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ)*: സർ, ഇന്നുമുതൽ കേരളത്തിലെ പ്രൈവറ്റ് ബസ്സുകളും ടാങ്കർ ലോറികളും പണിമുടക്ക് ആരംഭിച്ചിരിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കു മുമ്പ് ഡീസൽ വിലയിലും, പെട്രോൾ വിലയിലും വർദ്ധനവ് ഉണ്ടായതിനെത്തുടർന്ന് കേരളത്തിൽ ബസ് ചാർജ് വർദ്ധിപ്പിക്കണമെന്നുള്ളതാണ് അവരുടെ ഏറ്റവും പ്രധാനപ്പെട്ട ഡിമാന്റ്. അതുപോലെതന്നെ വിദ്യാർത്ഥികളുടെ കൺസഷൻ ചാർജ് 50 ശതമാനമായി ഉയർത്തണമെന്നുള്ളതും ഇവരുടെ പ്രധാനപ്പെട്ട ആവശ്യങ്ങളാണ്. ഈ രണ്ട് ആവശ്യങ്ങളും കേരളത്തിലെ ജനങ്ങൾക്കും വിദ്യാർത്ഥികൾക്കും വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കും എന്നുള്ളതുകൊണ്ട് ഗവൺമെന്റ് അവ അംഗീകരിക്കുകയുണ്ടായില്ല. അതുപോലെ ഡീസൽ ടാക്സ് 24 ശതമാനമാണ് ഇപ്പോൾ ഈടാക്കുന്നത്, അത് 24 ശതമാനത്തിൽനിന്നും 12 ശതമാനമായി കുറയ്ക്കണമെന്ന ഒരു ആവശ്യവും അവർക്കുണ്ട്. അങ്ങനെയാണെങ്കിൽ സർക്കാരിന് വളരെ സാമ്പത്തിക ബാധ്യത വരുന്ന ഒരാവശ്യമാണ്. ഇതാണ് ഈ സമരത്തിൽ അവരുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ പറ്റാതെ വന്നതിന്റ പ്രധാന കാരണം. എങ്കിൽപ്പോലും പണിമുടക്ക് ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇന്ന് ഉച്ചയ്ക്ക് 2 മണിക്ക് അവരുമായി ചർച്ച വച്ചിട്ടുണ്ട്. ഇന്നത്തെ ചർച്ചയോടുകൂടി പണിമുടക്ക് പിൻവലിക്കുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

V. റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

(2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എൺപത്തിയഞ്ച് മുതൽ തൊണ്ണൂറ്റിരണ്ട് വരെയുള്ള റിപ്പോർട്ട്

ഡോ. തോമസ് ഐസക്: സർ, പബ്ലിക്സ് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ കമ്മിറ്റിയുടെ എൺപത്തിയഞ്ച് മുതൽ തൊണ്ണൂറ്റിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly